(ബി) ക്യാൻസർ രോഗിയുമായി ചികിത്സാർത്ഥം എത്തിയപ്പോൾ സമരാനുകൂലികൾ അവരെ ആക്രമിച്ച സംഭവത്തിൽ ഏതെല്ലാം വകുപ്പ് പ്രകാരം എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) കേസ്സിൽ പ്രതി ചേർക്കപ്പെട്ടവർക്കെതിരെ എന്തെല്ലാം വകുപ്പുതല നടപടികൾ സ്വീകരിച്ചു ; വിശദവിവരം നൽകുമോ;

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാർ നടത്തുന്ന ഇതുപോലുള്ള സമരങ്ങളിൽ പൊതുജനങ്ങൾ അക്രമിക്കപ്പെടാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിൽ crime No.1891/14 U/s 308, 294 (b), 323, 324, 34 IPC പ്രകാരം കെ.എസ്.ആർ.ടി.സി. ജീവനക്കാരായ 3 പേരെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്**

309 (315) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് ഏതെല്ലാം സ്ഥലങ്ങളിൽ നിർമ്മിക്കുന്നതിന് മുൻ സർക്കാർ പദ്ധതിയിട്ടിരുന്നു;

(ബി) ഓരോ പദ്ധതിയുടെയും നിർമ്മാണം ആരംഭിച്ചത് ഏത് തീയതി മുതലാണ്; ആരംഭിച്ച് എത്ര മാസങ്ങൾക്കകം നിർമ്മാണം പൂർത്തിയാക്കണമെന്നാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്; ഓരോ പദ്ധതിയുടെയും കാര്യത്തിൽ എത്ര കാലതാമസം നേരിട്ടു ; പൂർണ്ണതോതിൽ പദ്ധതി പൂർത്തികരിക്കാൻ ഒരോ പദ്ധതിക്കും ഇനിയും എത്ര മാസങ്ങൾ ആവശ്യമാണ്; കാലതാമസത്തിനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) നിർമ്മാണകാലാവധി പ്രതീക്ഷിച്ചതിലും കൂടിയതുമൂലം നിർമ്മാണ ചെലവിൽ എത്ര ശതമാനം വർധന നേരിട്ടിട്ടുണ്ട്; അതുവഴി പദ്ധതി ചെലവ് എത്രയിൽ നിന്നും എത്രയായി വർധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി കമ്മീഷൻ ചെയ്യാൻ താമസിച്ചുപോയതിനാൽ ഓരോ പദ്ധതിയിൽ നിന്നും പ്രതിക്ഷിക്കുന്ന വരുമാനത്തിൽ ഇതിനകമുണ്ടായ നഷ്ടം എത്ര കോടി വീതമാണ് ?

ഉത്തരം

(എ) തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ), പേരൂർക്കട (തിരുവനന്തപുരം), ഫോർട്ട് (തിരുവനന്തപുരം), അങ്കമാലി, കോഴിക്കോട്, തിരുവല്ല, മലപ്പുറം എന്നിവിടങ്ങളിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ കെ.റ്റി.ഡി.എഫ്.സി. മുഖേന ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനാണ് മുൻ സർക്കാർ പദ്ധതിയിട്ടിരുന്നത്.

(ബി) കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണം 26-3-2009-ലാണ് ആരംഭിച്ചത്. പദ്ധതിയുടെ ആദ്യഘട്ടമായി കെ.എസ്.ആർ.ടി.സി. ഗ്യാരേജ്, ബസ് ബേ, റിട്ടയറിംഗ് റൂമുകൾ എന്നിവ 12 മുതൽ 18 മാസംകൊണ്ടും, രണ്ടാംഘട്ടം 24 മുതൽ 30 മാസത്തിനുള്ളിലും പൂർത്തീകരിക്കാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. 2011 ജനുവരിയിലായിരുന്നു നിർമ്മാണം പൂർത്തീകരിക്കേണ്ടിയിരുന്നത്. മൂന്നു മാസത്തിനകം പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു. തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിച്ചത് 28-1-2010-ലാണ്. 24 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കണമെന്നാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. 2 വർഷവും 3 മാസവും പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിട്ടു. പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി 6 മാസം കൂടി വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവല്ല പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് 1-12-2010 മുതലാണ്. തിരുവല്ല പദ്ധതിയുടെ നിർമ്മാണം ആരംഭിച്ച് ആദ്യഘട്ടം 12 മുതൽ 18 മാസത്തിനകവും രണ്ടാമത്തെ ഘട്ടം 24 മുതൽ 30 മാസത്തിനകവും പൂർത്തിയാക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്, എന്നാൽ പണി പൂർത്തിയാക്കുന്നതിന് 23 മാസത്തെ കാലതാമസം നേരിട്ടു. പദ്ധതി 2 മാസത്തിനകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അങ്കമാലി പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് 19-9-2008-ലാണ്. ആദ്യത്തെ ഘട്ടം 12 മുതൽ 18 മാസത്തിനകവും രണ്ടാമത്തെ ഘട്ടം 24 മുതൽ 30 മാസത്തിനകവും പൂർത്തിയാക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. പദ്ധതി പൂർത്തീകരണത്തിന് 15 മാസവും 12 ദിവസവും കാലതാമസം നേരിട്ടു. പദ്ധതി 30-6-2012-ൽ പൂർത്തിയായി. മലപ്പുറം, പേരൂർക്കട, ഫോർട്ട് (തിരുവനന്തപുരം) എന്നീ പ്രോജക്ടുകൾ ഇതുവരെ ആരംഭിച്ചിട്ടില്ല. ഓരോ പദ്ധതിയുടേയും കാലതാമസത്തിനുണ്ടായ കാരണങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണ ചെലവ് 43.21 കോടി രൂപയായാണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതി പൂർത്തിയാവുമ്പോൾ 55 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2.31 കോടി രൂപ അധിക ചെലവ് പ്രതീക്ഷിക്കുന്നു. തമ്പാനൂർ, തിരുവല്ല, അങ്കമാലി എന്നീ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സുകളുടെ കാര്യത്തിൽ കാലതാമസം നേരിട്ടതുകൊണ്ട് നിർമ്മാണ ചെലവിൽ വർദ്ധനയൊന്നും ഉണ്ടായിട്ടില്ല.

(ഡി) വരുമാന-നഷ്ടത്തിന്റെ കാണക്കുകൾ കെ.റ്റി.ഡി.എഫ്.സി. ഇതുവരെ തയ്യാറാക്കിയിട്ടില്ല. 30-6-2012-ൽ കമ്മീഷൻ ചെയ്ത അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിൽ പോലും നാളിതുവരെ 30% സ്ഥലം മാത്രമേ ലേലം ചെയ്ത് നൽകാൻ സാധിച്ചിട്ടുള്ളൂ.

## കെ.എസ്.ആർ.ടി.സി. ടിക്കറ്റിനോടൊപ്പമുള്ള സെസ്സ്

310 (316) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ് യാത്രക്കാരിൽനിന്ന് ടിക്കറ്റിനോടൊപ്പം സെസ്സ് പിരിക്കാൻ തുടങ്ങിയത് ഏത് തീയതി മുതലാണ് ; ഇത് സംബന്ധമായ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) പ്രതിവർഷം എത്ര കോടി രൂപ ഈ ഇനത്തിൽ കെ.എസ്.ആർ.ടി.സി പ്രതീക്ഷിക്കുന്നു ; സെസ്സ് ഇനത്തിൽ ഈടാക്കുന്ന തുക ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും എപ്രകാരമാണ് സൂക്ഷിക്കുന്നതെന്നും വിശദമാക്കുമോ ;

(സി) യാത്രക്കാരന്റെമേൽ ചുമത്തപ്പെട്ട സെസ്സ് നിരക്കിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ പെട്ടുണ്ടാകുന്ന അപകടങ്ങളിൽ എം.എ.സി.റ്റി. ക്ലെയിം തുക യഥാസമയം നൽകുന്നതിന് 6-4-2007 മുതൽ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകളിൽ 25 രൂപ മുതലുള്ള ടിക്കറ്റുകൾക്ക് ഒരു രൂപ ഇൻഷ്വറൻസ് സെസ്സ് ഈടാക്കി വരുന്നുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി. പാസഞ്ചേഴ്സ് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് കവറേജ് സ്കീം ഇതുവരെയും നടപ്പിൽ വരുത്തിയിട്ടില്ല. ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly